# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 19.10.2024**

### പ്രധാനവാർത്തകൾ

1. ത്രിരാഷ്ട്ര ആഫ്രിക്കൻ സന്ദർശനം വിജയകരമായി പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലേക്ക് തിരിച്ചു.

2. തിരുവനന്തപുരം സായ് **LNCPE**-യിലെ നവീകരിച്ച ഗോൾഫ് കോഴ്സ് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ നാളെ ഉദ്ഘാടനം ചെയ്യും.

3. നൂതനാശയങ്ങളെ ഉത്പന്നങ്ങളും സേവനങ്ങളുമാക്കുന്നതിൽ മാനേജ്മെന്റ് വിദഗ്ധരുടെ ഇടപെടൽ അനിവാര്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. ശബരിമലയിൽ വൻ ഭക്തജനതിരക്ക്; തിരക്ക് കണക്കിലെടുത്ത് ദർശനസമയം 3 മണിക്കൂർ നീട്ടി.

5. സംസ്ഥാനത്ത് അടുത്ത ഒരാഴ്ച ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത; നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

********************************************************************************************************

RJUTVPM

ഹെഡ്ലൈൻ-1

## രാഷ്ട്രപതി

ത്രിരാഷ്ട്ര ആഫ്രിക്കൻ സന്ദർശനം വിജയകരമായി പൂർത്തിയാക്കിയ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിലേക്ക് തിരിച്ചു. അൾജീരിയ, മൗറിറ്റാനിയ, മലാവി എന്നീ രാജ്യങ്ങളിലാണ് രാഷ്ട്രപതി സന്ദർശനം നടത്തിയത്. സന്ദർശനത്തിനിടെ, മൂന്നു രാജ്യങ്ങളുടെയും നേതൃത്വവുമായി ഉഭയകക്ഷി ചർച്ചകൾ നടത്തിയ ശ്രീമതി മുർമു ഇന്ത്യൻ പ്രവാസികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. ആഫ്രിക്കൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ സൗഹാർദ്ദപരമായ ബന്ധം കൂടുതൽ ശക്തിപ്പെടുത്താനുള്ള ശക്തമായ പ്രതിബദ്ധതയാണ് സന്ദർശനത്തിലൂടെ വ്യക്തമാകുന്നത്.

*********************************************

ഹെഡ്ലൈൻ-3

## മുഖ്യമന്ത്രി- കുസാറ്റ്

നൂതനാശയങ്ങളെ ഉത്പന്നങ്ങളും സേവനങ്ങളുമാക്കുന്നതിൽ മാനേജ്മെന്റ് വിദഗ്ധരുടെ ഇടപെടൽ അനിവാര്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് നൂതനമായ മാനേജ്മെന്റെ കോഴ്സുകൾ തുടങ്ങുന്നതിനും പാഠ്യപദ്ധതികൾ പരിഷ്കരിക്കുന്നതിനും സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് മുന്നിലാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഉന്നത വിദ്യാഭ്യാസ മേഖലയും വ്യവസായ മേഖലയും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുകയാണെന്ന് ചടങ്ങിൽ അധ്യക്ഷനായ മന്ത്രി പി. രാജീവ് പറഞ്ഞു.

*********************************************

RNU TVPM

ഹെഡ്ലൈൻ-2

## മാണ്ഡവ്യ-കേരള

തിരുവനന്തപുരം സായ് LNCPE-യിലെ നവീകരിച്ച ഗോൾഫ് കോഴ്സും, പുതുതായി നിർമ്മിച്ച പെൺകുട്ടികളുടെ ഹോസ്റ്റലും കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ നാളെ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സംസ്ഥാന കായിക മന്ത്രി വി. അബ്ദു റഹിമാൻ, പത്മശ്രീ കെ. എം. ബീന മോൾ, ഖേൽ രത്ന ജേതാവ് പത്മിനി തോമസ് തുടങ്ങിയവർ പങ്കെടുക്കും.

*********************************************

## കണ്ണൂർ - റവന്യൂ വകുപ്പ് അന്വേഷണം

എ ഡി എം, കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് അന്വേഷണം തുടരുന്നു. ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ എ. ഗീതയുടെ നേതൃത്വത്തിലാണ് അന്വേഷണം. രാവിലെ കണ്ണൂരിലെത്തിയ ജോയിന്റ് കമ്മീഷണർ, ജില്ലാ കലക്ടർ അരുൺ കെ വിജയന്റെ മൊഴിയെടുത്തു.

RIU TVPM

*********************************************

ഹെഡ്ലൈൻ-4

## ശബരിമല (ഇൻട്രോ)

ശബരിമലയിൽ വൻ ഭക്തജനതിരക്ക്. 52,000 പേരാണ് വെർച്വൽ ക്യൂ വഴി ബുക്ക് ചെയ്തത്. തിരക്ക് കണക്കിലെടുത്ത് ദർശനസമയം 3 മണിക്കൂർ നീട്ടി. 21ന് അടയ്ക്കുന്ന ശബരിമല ക്ഷേത്ര നട ചിത്തിര ആട്ട വിശേഷത്തിനായി ഈ മാസം 30 നു തുറക്കും. തുടർന്ന് 31ന് ആട്ട ചിത്തിര പൂജകൾക്ക് ശേഷമാകും നടയടക്കുക.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....

(വോയിസ്)

*******************************************

**കേരള-ഉപതെരഞ്ഞെടുപ്പ്**

സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പിനുള്ള സ്ഥാനാർഥി നിർണ്ണയവും പ്രചാരണ പരിപാടികളും സജീവം. എൽ.ഡി.എഫ്, യു.ഡി.എഫ് സ്ഥാനാർഥി നിർണ്ണയം പൂർത്തിയായതോടെ പാലക്കാട് തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറിയിരിക്കുകയാണ്. ചേലക്കരയിലും ഇരുമുന്നണികളും ഊർജ്ജിതമായ പ്രചാരണത്തിലാണ്. എൻഡിഎ സ്ഥാനാർഥിയെ കൂടി പ്രഖ്യാപിച്ചു കഴിഞ്ഞാൽ സംസ്ഥാനത്തെ ഉപതിരഞ്ഞെടുപ്പ് ചിത്രം തെളിയും.

*******************************************

**നാമനിർദ്ദേശക പത്രിക-പ്രിയങ്ക**

വയനാട് പാർലമെന്റ് ഉപതിരഞ്ഞെടുപ്പിൽ I.N.D.I. സഖ്യ സ്ഥാനാർഥി, കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി ഈ മാസം 23 ന് നാമനിർദ്ദേശ പത്രിക സമർപ്പിക്കും. ലോകസഭ പ്രതിപക്ഷ നേതാവും വയനാട് മുൻ എം. പി. യുമായ രാഹുൽ ഗാന്ധിയോടൊപ്പം റോഡ്ഷോയിൽ പങ്കെടുത്ത ശേഷമാവും വയനാട് കലക്ടറേറ്റിൽ എത്തി പത്രിക സമർപ്പിക്കുക. അതേസമയം LDF സ്ഥാനാർഥി CPI നേതാവ് സത്യൻ മൊകേരി ഇന്ന് വയനാട്ടിൽ തിരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുത്തു.

*******************************************

**ഉപതെരഞ്ഞെടുപ്പ് സർക്കുലർ**

RNU TVPM

ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പൊതുഭരണവകുപ്പ് സർക്കുലർ പുറത്തിറക്കി. പാലക്കാട്, ചേലക്കര നിയോജക മണ്ഡലങ്ങളിലും വയനാട് പാർലമെന്റ് മണ്ഡലത്തിലേക്കുമുള്ള നാമനിർദേശ പത്രിക സമർപ്പിക്കേണ്ട അവസാന തീയതി ഈ മാസം 25 ആണ്. സൂക്ഷ്മ പരിശോധന 28 ന് നടക്കും. 30 വരെ നാമനിർദ്ദേശ പത്രിക പിൻവലിക്കാം. വോട്ടെടുപ്പ് നവംബർ 13നും വോട്ടെണ്ണൽ 23നുമാണ്.

********************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന്. ഇന്ന് പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

PNU TVPM

********************************************

## ഹരിതപടക്കങ്ങൾ

അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, ദീപാവലി ആഘോഷങ്ങളിൽ പടക്കം പൊട്ടിക്കുന്നത് രാത്രി എട്ടു മുതൽ 10 വരെയും ക്രിസ്മസ്, പുതുവത്സരാഘോഷങ്ങളിൽ രാത്രി 11.55 മുതൽ പുലർച്ചെ 12.30 വരെയുമാക്കി നിയന്ത്രിച്ച് സംസ്ഥാന സർക്കാർ. ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദേശത്തിന്റെയും അടിസ്ഥാനത്തിലാണ് ഉത്തരവ്. ഹരിത പടക്കങ്ങൾ മാത്രമാണ് വിൽക്കുന്നത് എന്ന് ഉറപ്പാക്കാൻ ജില്ലാ കളക്ടർമാർക്കും ജില്ലാ പൊലീസ് മേധാവിമാർക്കും നിർദേശവും നൽകി.
********************************************

## ക്രിക്കറ്റ്

ന്യൂസിലൻഡിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ രണ്ടാം ഇന്നിംഗ്സ് പൂർത്തിയായപ്പോൾ ഇന്ത്യ 462 റൺസിന് എല്ലാവരും പുറത്തായി. ന്യൂസീലൻഡ് രണ്ടാം ഇന്നിംഗ്സ് ആരംഭിച്ചെങ്കിലും മഴ മൂലം കളി തടസപ്പെട്ടു. ന്യൂസിലൻഡിന് ജയിക്കാൻ 107 റൺസ് കൂടി വേണം.

*******************************************

## സൂപ്പർ ലീഗ്

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കണ്ണൂർ വാറിയേഴ്സ് ഇന്ന് തിരുവനന്തപുരം കൊമ്പൻസിനെ നേരിടും. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

*******************************************

RNUTVPM

## ബാസ്കറ്റ് ബോൾ ഗെയിംസ്

തിരുവനന്തപുരത്ത് നടക്കുന്ന 66-ാമത് കേരള സ്റ്റേറ്റ് സ്കൂൾ ഗെയിംസ് സബ് ജൂനിയർ ബാസ്ക്കറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ തൃശൂർ ബോയ്സും കോഴിക്കോട് പെൺകുട്ടികളും ചാമ്പ്യന്മാർ. പെൺകുട്ടികളുടെ വിഭാഗത്തിൽ കോഴിക്കോട് ആലപ്പുഴയെയും ആൺകുട്ടികളുടെ മത്സരത്തിൽ തൃശൂർ കോഴിക്കോടിനേയും പരാജയപ്പെടുത്തി. ഇരുവിഭാഗങ്ങളിലും കോട്ടയവും തിരുവനന്തപുരവും മൂന്നാം സ്ഥാനം നേടി.

*******************************************

ഹെഡ്‌ലൈൻ-5

## മഴ

സംസ്ഥാനത്ത് അടുത്ത ഒരാഴ്ച ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത

നൽകിയിട്ടുണ്ട്. തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകി. കേരള തീരത്ത് നാളെയും മറ്റന്നാളും ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുള്ളതായി ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

*********************************************

വട്ടിയൂർക്കാവ് - ഹരിതസ്ഥാപനം (ഇൻട്രോ)

മാലിന്യ മുക്തം നവകേരളം കാമ്പയിനിന്റെ ഭാഗമായി വട്ടിയൂർക്കാവ്, സെൻട്രൽ പോളിടെക്നിക്ക് കോളേജ്, എ പ്ലസ് ഗ്രേഡുള്ള ഹരിത സ്ഥാപനമായി. ഹരിത കേരള മിഷന്റെയും നഗരസഭയുടെയും നേതൃത്വത്തിൽ നടത്തിയ മൂല്യനിർണയത്തിലാണ് അംഗീകാരം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്...**

(വോയിസ്)

RNU TVPM

*********************************************

ബാലാവകാശ കമ്മിഷൻ

സംസ്ഥാനത്ത് ഒന്നു മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ ഡിവിഷനുകൾ ഇല്ലാതാകുമെന്ന വാർത്തയിൽ പൊതുവിദ്യാഭ്യാസ വകുപ്പിനോട് ബാലാവകാശ കമ്മിഷൻ റിപ്പോർട്ടു തേടി. അധ്യയന വർഷം ആരംഭിച്ച് ആറാം പ്രവൃത്തി ദിനത്തിലെ കുട്ടികളുടെ എണ്ണത്തിൽ 1.17 ലക്ഷം പേരുടെ കുറവ് കണ്ടെത്തിയതും ഒന്നാം ക്ലാസ്സിലും രണ്ടാം ക്ലാസ്സിലും പുതുതായി ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ വൻതോതിൽ കുറവുണ്ടായതുമായ വാർത്ത ഗൗരവമുള്ളതാണെന്ന് കമ്മിഷൻ പറഞ്ഞു.

*******************************************

## ക്ഷയരോഗ മുക്തം-ഗ്രാമ പഞ്ചായത്ത് പുരസ്കാരം

രാജ്യത്തെ ക്ഷയരോഗ മുക്തമാക്കുന്നതു ലക്ഷ്യമിട്ടുള്ള കേന്ദ്ര സർക്കാരിന്റെ ടി.ബി. മുക്ത് ഭാരത് പദ്ധതിയിൽ കോട്ടയം ജില്ലയിൽ ആറു ഗ്രാമ പഞ്ചായത്തുകൾ പ്രഥമ പുരസ്കാരത്തിന് അർഹമായി. ഞീഴൂർ, കല്ലറ, അകലക്കുന്നം, തലപ്പലം, കറുകച്ചാൽ, മണിമല ഗ്രാമ പഞ്ചായത്തുകളാണ് പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ടത്. ഈ മാസം 24 ന് നടക്കുന്ന ചടങ്ങിൽ ജില്ലാ കളക്ടർ പുരസ്കാരം സമ്മാനിക്കും.

*******************************************

## പാട്ടുകൂട്ടായ്മ

ഗാന രചയിതാവ് പി.ഭാസ്കരന്റെ ജന്മ ശതാബ്ദിയോടനുബന്ധിച്ച് ആകാശവാണി കണ്ണൂർ നിലയം സംഘടിപ്പിച്ച പാട്ടുകൂട്ടായ്മ കണ്ണൂർ ജവഹർ ഓഡിറ്റോറിയത്തിൽ പുരോഗമിക്കുന്നു. പി.ഭാസ്കരൻ എഴുതിയ 100 പാട്ടുകൾ ഉൾക്കൊള്ളിച്ചുള്ള പരിപാടി ഗായകൻ വി.ടി. മുരളി ഉദ്ഘാടനം ചെയ്തു. ആകാശവാണി മുൻ പ്രോഗ്രാം മേധാവി ബാലകൃഷ്ണൻ കൊയ്യാൽ പങ്കെടുത്തു.

*******************************************

## മന്ത്രി വി ശിവൻകുട്ടി

കർഷക തൊഴിലാളികളുടെ ക്ഷേമത്തിന് സംസ്ഥാന സർക്കാർ വലിയ മുൻഗണനയാണ് നൽകുന്നതെന്ന് മന്ത്രി വി ശിവൻകുട്ടി. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകുന്ന വിദ്യാഭ്യാസ അവാർഡുകളുടെ തിരുവനന്തപുരം ജില്ലാതല വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. എല്ലാ തൊഴിലാളികളെയും പിന്തുണയ്ക്കുകയും

RIUTVPM

ശാക്തീകരിക്കുകയും ചെയ്യുന്ന ഒരു കേരളത്തിനായി ഒരുമിച്ച് പരിശ്രമിക്കണമെന്നും മന്ത്രി പറഞ്ഞു.

*********************************************

## ജെ. ചിഞ്ചുറാണി

പുതുതലമുറയുടെ മാനവ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്ന തൊഴിൽ സാധ്യതകൾ തുറന്നു നൽകേണ്ടത് നാടിന്റെ വളർച്ചയ്ക്ക് അനിവാര്യമാണെന്ന് മന്ത്രി ജെ. ചിഞ്ചുറാണി. ചവറ IIIC യിൽ സംഘടിപ്പിച്ച 'ക്വിലോൺ ഒഡിസ്സി' കരിയർ എക്സ്പോ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

*

********************

**********************************************************************

RNU TVPM